# പതിനാലാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ T3860
12-12-2018-ലെ മറുപടിയ്ക്ക്

**മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ ഫണ്ട് വിനിയോഗത്തിലെ സുതാര്യത**

| ചോദ്യം<br>ശ്രീ.കെ. സി. ജോസഫ്<br>ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>ശ്രീ.വി. പി. സജീന്ദ്രൻ<br>ശ്രീ.കെ. എസ്. ശബരീനാഥൻ | മറുപടി<br>പിണറായി വിജയൻ<br>മുഖ്യമന്ത്രി |
|---|---|
| എ) പ്രളയ ദുരിതാശ്വാസനിധിയിൽ ലഭിക്കുന്ന പണം പ്രത്യേക അക്കൗണ്ടിൽ സൂക്ഷിക്കാൻ സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ടോ; | പ്രളയവുമായി ബന്ധപ്പെട്ട് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേയ്ക്ക് പൊതുജനങ്ങളിൽ നിന്നും മറ്റും ലഭിയ്ക്കുന്ന തുകകൾ സി.എം.ഡി.ആർ.എഫിന്റെ ട്രഷററായ ധനകാര്യ പ്രിൻസിപ്പൽ സെക്രട്ടറിയുടെ പേരിൽ ആരംഭിച്ച 15 ബാങ്ക് അക്കൗണ്ടുകളിലൂടെയും പേ ടി എം, റേസർപേ, സ്വൈപ്പ് തുടങ്ങിയ മൊബൈൽ ആപ്പ്/വാലറ്റുകളിലൂടെയും, ക്യൂ ആർ കോഡ്, ഓൺലൈൻ മാധ്യമങ്ങളിലൂടെയും, മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയുടെ ട്രഷറി അക്കൗണ്ടായ TPA-80 ലൂടെയും സ്വീകരിച്ചുവരുന്നു. സർക്കാർ ജീവനക്കാരിൽ |

| | |
|---|---|
| | നിന്ന് സാലറി ചലഞ്ച് മുഖേന ലഭ്യമാകുന്ന തുക തിരുവനന്തപുരം ജില്ലാ ട്രഷറിയിൽ ആരംഭിച്ച സ്പെഷ്യൽ ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ടായ 4798 – ലുമാണ് വരവ് ചെയ്യുന്നത്. |
| ബി) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ ഫണ്ട് വിനിയോഗത്തിൽ സുതാര്യത കൊണ്ടുവരാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിരിക്കുന്നത്; | മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്ന് അനുവദിക്കുന്ന തുക നൽകുന്നതിന് അധികാരപ്പെടുത്തിയിരിക്കുന്നത് ജില്ലാ കളക്ടർ, റവന്യൂ സെക്രട്ടറി എന്നിവരെയാണ്. റവന്യൂ വകുപ്പ് മന്ത്രി, മുഖ്യമന്ത്രി, മന്ത്രിസഭ, എന്നീതലങ്ങളിൽ പരിശോധിച്ച് റവന്യൂ വകുപ്പ് പുറപ്പെടുവിക്കുന്ന ഉത്തരവിന്റെ അടിസ്ഥാനത്തിൽ ധനകാര്യ വകുപ്പിൽ നിന്നുമാണ് തുക അനുവദിക്കുന്നത്. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ധനസഹായം അനുവദിച്ച് പുറപ്പെടുവിക്കുന്ന ഉത്തരവുകളുടെ വിവരങ്ങൾ പൊതുജനസമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നുണ്ട്, അതോടൊപ്പം പ്രളയ ദുരിതാശ്വാസവുമായി ബന്ധപ്പെട്ട് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽലേയ്ക്ക് ഇതുവരെ ലഭിച്ചിട്ടുള്ള സംഭാവനയും ചെലവഴിക്കപ്പെട്ടിട്ടുള്ള തുകയും എത്രയാണെന്ന് donation.cmdrf.kerala.gov.in എന്ന വെബ്സൈറ്റിലും പ്രസിദ്ധീകരിക്കുന്നുണ്ട്. |
| സി) പ്രളയ ദുരിതാശ്വാസ നിധിയിലേക്കെന്ന പേരിൽ പണം വാങ്ങിയ ശേഷം വ്യാജ രസീത് നൽകുന്ന സംഘം പ്രവർത്തിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;<br>ഡി) എങ്കിൽ ഇത് തടയാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിരിക്കുന്നത്; വ്യക്തമാക്കാമോ; | പ്രളയ ദുരിതാശ്വാസവുമായി ബന്ധപ്പെട്ട് വ്യാജ രസീതുകൾ നൽകുന്ന സംഘങ്ങൾ പ്രവർത്തിക്കുന്നതായ വിവരങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ശ്രദ്ധയിൽപ്പെട്ടാൽ അത്തരക്കാർക്കെതിരെ കർശനനടപടി സ്വീകരിക്കുന്നതാണ്. |
| ഇ) ഓഖി ദുരിതാശ്വാസ പ്രവർത്തനവുമായി ബന്ധപ്പെട്ട മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ ഫണ്ട് വിനിയോഗത്തിലുണ്ടായതായി ആക്ഷേപിക്കപ്പെടുന്ന പാളിച്ചകൾ പ്രളയ | ഓഖി ദുരിതാശ്വാസ പ്രവർത്തനവുമായി ബന്ധപ്പെട്ട് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി വിനിയോഗത്തിൽ പാളിച്ചകൾ ഉണ്ടായിട്ടുള്ളതായി കരുതുന്നില്ല. റവന്യൂ |

| | |
|---|---|
| ദുരിതാശ്വാസ പ്രവർത്തനങ്ങളിൽ ഉണ്ടാകാതിരിക്കാൻ എന്തൊക്കെ മുൻകരുതലുകളാണ് സ്വീകരിച്ചിരിക്കുന്നത്; വിശദമാക്കുമോ? | വകുപ്പിൽ നിന്നും പുറപ്പെടുവിക്കുന്ന ഉത്തരവുകളുടെ അടിസ്ഥാനത്തിൽ മാത്രമാണ് ധനവകുപ്പിൽ നിന്നും തുക അനുവദിച്ചുനൽകുന്നത്. |

സെക്ഷൻ ഓഫീസർ